കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 3 | ഒക്ടോബർ 31 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

2 ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം സ്ഥാപനദിനം ആചരിച്ചു

3 കർഷകരുടെ വിഷമ ഘട്ടങ്ങളിൽ സർക്കാർ കൂടെയുണ്ടാകും: മന്ത്രി ജെ. ചിഞ്ചുറാണി

4 ചക്ക സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പാക്കും: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

# പിരപ്പമൺകാട് പാടശേഖരത്തിൽ കൊയ്ത്തുൽസവം

ഇടക്കോട് പിരപ്പമൺകാട് പാടശേഖരത്തിൽ കൃഷി മന്ത്രി ശ്രീ. പി പ്രസാദ് കൊയ്ത്തുൽത്സവം ഉദ്ഘാടനം നിർവഹിച്ചു. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി പ്രദേശത്തിന്റെ പേരിൽ ഒരു റൈസ് ബ്രാൻഡ് ഉണ്ടാക്കി വിപണിയിലെത്തിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. വിഷരഹിതമായ ഭക്ഷണത്തിനും ആരോഗ്യത്തിനും പ്രാദേശികമായി ഉത്പാദിപ്പിക്കാവുന്ന നമ്മുടെ കർഷകരുടെ ഉൽപ്പന്നങ്ങളെ ഉപയോഗപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ ദിവസത്തെ മഴയിൽ അൻപതേക്കറോളം വരുന്ന പിരപ്പമൺകാട് പാടശേഖരത്തിലെ നെൽകൃഷി പൂർണമായും മുങ്ങിയിരുന്നു. എന്നാൽ വളരെ വേഗത്തിൽ വെള്ളം താഴുകയും നെൽക്കതിരുകൾ കരുത്തോടെ നിവരുകയും ചെയ്തു. ചിറയിൻകീഴ് എം.എൽ.എ ശ്രീ. വി. ശശിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആറ്റിങ്ങൽ എം.എൽ.എ ശ്രീമതി. ഒ.എസ്. അംബിക ആശംസകൾ അർപ്പിച്ചു. സ്ഥലത്തെ മുതിർന്ന കർഷകനായ സത്യശീലനെയും പാടശേഖര സമിതി സെക്രട്ടറി ശ്രീ. അൽഫാറിനെയും മന്ത്രി വേദിയിൽ ആദരിച്ചു. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.സി ജയശ്രീ, മുദാക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ചന്ദ്ര ബാബു, മെമ്പർമാരായ ശ്രീ. വിഷ്ണു രവീന്ദ്രൻ, ശ്രീ. ഷൈനി, തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. അനിൽകുമാർ, കാർഷിക ഉപദേശക സമിതി അംഗങ്ങൾ, ശ്രീഭൂത നാഥൻകാവ് ക്ഷേത്രഭാരവാഹികൾ, മറ്റു ജനപ്രതിനിധികൾ, കർഷകർ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്

# ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം സ്ഥാപനദിനം ആചരിച്ചു

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ (ആർ.ആർ.ഐ.ഐ.) 68-ാമത് സ്ഥാപനദിനാഘോഷങ്ങൾ ഡിഫൻസ് റിസേർച്ച് & ഡെവലപ്മെന്റ് ഓർഗനൈസേഷന്റെ (ഡി.ആർ.ഡി.ഒ.) എയ്റോനോട്ടിക്കൽ സിസ്റ്റംസ് മുൻ ഡയറക്ടർ ജനറൽ ഡോ. ടെസ്സി തോമസ് ഉദ്ഘാടനം ചെയ്തു. കോട്ടയത്ത് ആർ.ആർ.ഐ.ഐ.-യിൽ നടന്ന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ഡോ. ടെസ്സി തോമസ് 'വൾനേറബിലിറ്റി ഓഫ് റബ്ബർ പ്ലാന്റേഷൻസ് ഇൻ കേരള റ്റു ഫ്ളഡ്സ്', 'ലാൻഡ് സ്ലൈഡ് സസപ്റ്റിബിലിറ്റി ഓഫ് റബ്ബർ പ്ലാന്റേഷൻസ് ഇൻ മേഘാലയ' എന്നിവയ്ക്ക് ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റത്തെ (ജി.പി.എസ്.) ആസ്പദമാക്കി തയ്യാറാക്കിയിട്ടുള്ള വെബ് പോർട്ടലുകളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു.

ചടങ്ങിൽ അധ്യക്ഷത വഹിച്ച റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. എം. വസന്തഗേശൻ ഐ.ആർ.എസ്. 'റബ്ബർ പ്ലാന്റേഷൻസ് ഇൻ ലാൻഡ് സ്ലൈഡ് വൾനേറബിൾ ഏരിയാസ് ഓഫ് കേരള ആന്റ് മേഘാലയ ഡീലിനേറ്റഡ് ത്രൂ റിമോട്ട് സെൻസിങ് & ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം' എന്ന പുസ്തകത്തിന്റെ പ്രകാശനവും നിർവ്വഹിച്ചു. ഡോ. എം.ഡി. ജെസ്സി (ഡയറക്ടർ, റിസേർച്ച്- ഇൻ ചാർജ്) ചടങ്ങിൽ സ്വാഗതപ്രസംഗം നടത്തി. ശ്രീ. റ്റി. രാധാകൃഷ്ണൻ (അസിസ്റ്റന്റ് പ്രൊഫസർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള), ശ്രീ. എൽദോ ബേബി (ചീഫ് മാനേജർ, ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ്) എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഡോ. സിബി വർഗ്ഗീസ് (ജോയിന്റ് ഡയറക്ടർ, ടെക്നിക്കൽ കൺസൾട്ടൻസി, റബ്ബർബോർഡ്) കൃതജ്ഞത പറഞ്ഞു. റബ്ബർഗവേഷണകേന്ദ്രത്തിലെ വിരമിച്ച ഉദ്യോഗസ്ഥർ, റബ്ബർബോർഡിലെ വകുപ്പ് മേധാവികൾ, ഗവേഷണകേന്ദ്രത്തിന്റെ പരിസരങ്ങളിലുള്ള സ്കൂളുകളിലെ കുട്ടികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

തുടർന്ന് കുട്ടികളുമായി ഡോ. ടെസ്സി തോമസ് ആശയവിനിമയം നടത്തി.



ഡോ. ടെസ്സി തോമസ് ആർ.ആർ.ഐ.ഐ.)-യുടെ സ്ഥാപനദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നു. എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്), ഡോ. എം.ഡി. ജെസ്സി (ഡയറക്ടർ, റിസേർച്ച്- ഇൻ ചാർജ്, ആർ.ആർ.ഐ.ഐ.), റ്റി. രാധാകൃഷ്ണൻ (അസിസ്റ്റന്റ് പ്രൊഫസർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള), എൽദോ ബേബി (ചീഫ് മാനേജർ, ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ്), ഡോ. സിബി വർഗ്ഗീസ് (ജോയിന്റ് ഡയറക്ടർ, ടെക്നിക്കൽ കൺസൾട്ടൻസി, റബ്ബർബോർഡ്), പി.ആർ. വിശ്വനാഥപ്രഭു (സെക്രട്ടറി- ഇൻ ചാർജ്, റബ്ബർബോർഡ്) എന്നിവർ സമീപം (വലത്തുനിന്ന്).

# കർഷകരുടെ വിഷമ ഘട്ടങ്ങളിൽ സർക്കാർ കൂടെയുണ്ടാകും: മന്ത്രി ജെ. ചിഞ്ചുറാണി



ചർമ്മമുഴ രോഗം ബാധിച്ച് കന്നുകാലികൾ മരണപ്പെട്ട കർഷകർക്കുള്ള ധനസഹായ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മൃഗസംരക്ഷണവകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു. വിവിധ ജില്ലകളിലായി പശുക്കളും കിടാരികളും കന്നു കുട്ടികളുമായി ആകെ 854 കന്നുകാലികളാണ് മരണപ്പെട്ടത്. നഷ്ടമായ പശുവിന് 30000 രൂപ, കിടാരിക്ക് 16000 രൂപ, കന്നുക്കുട്ടിക്ക് 5000 രൂപ എന്നീ നിരക്കുകളിലാണ് സാമ്പത്തിക സഹായം നൽകുന്നതെന്ന് മന്ത്രി പറഞ്ഞു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്ന മന്ത്രി. തിരുവനന്തപുരം ജില്ലയിലെ 146 കർഷകർക്കാണ് ധനസഹായം വിതരണം ചെയ്തത്. അടുത്ത ദിവസങ്ങളിൽ തന്നെ മറ്റുള്ള ജില്ലകളിലും ധനസഹായ വിതരണം നടത്തുമെന്നും, ചർമ്മമുഴ രോഗം ബാധിച്ച് മരിച്ച ഉരുക്കളുടെ ഉടമസ്ഥർക്ക് രാജ്യത്ത് ആദ്യമായി ധനസഹായം നൽകുന്നത് കേരളത്തിലാണെന്നും മന്ത്രി അറിയിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ ഡി. സുരേഷ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. സുനിത എസ്, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ. സിന്ധു കെ, ഡോ.വിനുജി ഡി.കെ, ഡോ. അജിലാസ്റ്റ് കെ , ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രോജക്ട് കോഡിനേറ്റർ ഡോ. സിന്ധു എസ്., പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ ഡോ. റെനി ജോസഫ്, ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ ഡോ.ഷീലാ സാലി ജോർജ്, തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. അരുണോദയ, ചീഫ് വെറ്ററിനറി ഓഫീസർ ഡോ. അനിത പി.വി എന്നിവർ സംസാരിച്ചു. ചടങ്ങിനോടനുബന്ധിച്ച് ചർമ്മമുഴ രോഗത്തെ കുറിച്ച് ഡോ. അപർണയുടെ നേതൃത്വത്തിൽ കർഷകകർക്കായി സെമിനാറും സം



# ചക്ക സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പാക്കും: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

ചക്ക ഉൽപ്പന്നങ്ങളുടെ സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിന് വിവിധ സേവനങ്ങൾ നടപ്പാക്കുന്നുവെന്ന് കൃഷി മന്ത്രി പി പ്രസാദ്. നമ്മുടെ നാട്ടിലെ ചക്കയ്ക്കും ചക്ക ഉൽപ്പന്നങ്ങൾക്കും ആവശ്യക്കാർ ഏറെയുണ്ട്. നമ്മുടെ കാലാവസ്ഥയും, മണ്ണും, ഭൂപ്രകൃതിയും അതിന് കൂടുതൽ സാധ്യത നൽകുന്നു. കൂടുതൽ ഇടങ്ങളിൽ പഴവർഗ്ഗ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നയപരമായ തീരുമാനങ്ങൾ സർക്കാർ കൈക്കൊള്ളുകയാണെന്ന് മന്ത്രി പറഞ്ഞു. ചക്ക സംരംഭകർക്കായി തിരുവനന്തപുരം സമേതിയിൽ എസ്. എഫ്. എ. സി കേരളയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക ഉത്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി കൃഷിവകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി ഉൽപ്പന്നങ്ങളുടെ പാക്കേജിങ്ങുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ കർഷകർക്കായി കേരളത്തിലൊട്ടുക്കും സംഘടിപ്പിക്കുന്നുണ്ട്. ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ഷെൽഫ് ലൈഫ് ലഭിക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യകൾ ഈ പരിശീലനത്തിലൂടെ കർഷകർക്ക് ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ ഒരു പൊതു ബ്രാന്റിൽ വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് കേരളാഗ്രോ എന്ന ബ്രാൻഡ് തയ്യാറാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെയും കർഷകരുടെയും ഉൾപ്പെടെ 205 ഉത്പന്നങ്ങൾ ഓൺലൈൻ വിപണന പ്ലാറ്റ്ഫോമുകളിൽ എത്തിക്കുവാൻ സാധിച്ചു. കർഷകരുടെ കൂടുതൽ ഉൽപ്പന്നങ്ങൾ ഗുണമേന്മ ഉറപ്പുവരുത്തി കേരളാഗ്രോ ബ്രാൻഡിൽ വിപണിയിൽ എത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

ചക്കയുടെ മൂല്യ വർദ്ധനവുമായി ബന്ധപ്പെട്ട ഒരു ഇൻകുബേഷൻ സെന്റർ സ്ഥാപിക്കും. ചക്കയുടെ ഉത്പാദനം, മൂല്യ വർദ്ധനവ്, വിപണനം തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്രീയമായ പഠനം നടത്തും. വൈഗയുടെ ഭാഗമായി ചക്കയുടെ ഒരു പവലിയൻ തയ്യാറാക്കും. ആഗോളതലത്തിലുള്ള ട്രേഡ് ഫെയറുകളിൽ കേരളത്തിന്റെ ചക്ക ഉൽപ്പന്നങ്ങൾ എത്തിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഭക്ഷണത്തിലൂടെ ആവശ്യമായ പോഷകാഹാരം ലഭിക്കാത്തതിനാൽ തന്നെ നിരവധിയായ ജീവിതശൈലി രോഗങ്ങൾ കൂടിവരുന്നെന്ന് ഗവേഷണ ഫലങ്ങൾ തെളിയിക്കുന്നു. കേരളത്തിലെ ജനതയ്ക്ക് ആവശ്യമായ പോഷകാഹാരം ഒരുക്കുന്നതിനായി കൃഷിവകുപ്പ് പോഷക സമൃദ്ധി മിഷൻ ആരംഭിച്ചു. 25 ലക്ഷം കുടുംബങ്ങളെ പോഷക സമൃദ്ധി മിഷന്റെ ഭാഗമാക്കും. കേരളത്തിന്റെ കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യൂട്രീഷൻ പ്ലേറ്റുകൾ തയ്യാറാക്കും.

ബാങ്കുകൾക്ക് അംഗീകരിക്കുവാൻ കഴിയുന്ന പ്രോജക്ടുകൾ ചക്ക സംരംഭകർക്കായി സൗജന്യമായി തയ്യാറാക്കി നൽകുന്നതിന് ഒരു ഡി പി ആർ ക്ലിനിക്ക് സംഘടിപ്പിക്കുമെന്നും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പിൽ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കൃഷിവകുപ്പ് ഡയറക്ടർ ശ്രീമതി. കെ എസ് അഞ്ജു ഐഎഎസ് അധ്യക്ഷയായ ചടങ്ങിൽ കൃഷി അഡീഷണൽ ഡയറക്ടർ മാർക്കറ്റിംഗ് ലൂയിസ് മാത്യു സ്വാഗതം ആശംസിച്ചു. കാർഷിക വില നിർണയ ബോർഡ് ചെയർമാൻ ശ്രീ. പി രാജശേഖരൻ, സംരംഭകർ, കൃഷി ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിന് ശേഷം ചക്കയുടെ മൂല്യ വർദ്ധനവും വിപണനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സെമിനാറും പാനൽ ചർച്ചയും നടന്നു.



# ചെമ്പട്ടി ഊരിൽ നവീകരിച്ച കാലിത്തൊഴുത്ത് കൈമാറ്റവും റബ്ബർമാറ്റ്– കാലിത്തീറ്റ വിതരണവും നടത്തി

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ 'ഒപ്പം' ആദിവാസി ഉപജീവനസഹായപദ്ധതിയുടെ ഭാഗമായി യൂണിവേഴ്സിറ്റി ദത്തെടുത്ത ചുണ്ടേൽ ചെമ്പട്ടി ഊരിൽ നവീകരിച്ച കാലിത്തൊഴുത്ത് കൈമാറ്റവും റബ്ബർ മാറ്റ്, കാലിത്തീറ്റ വിതരണവും നടന്നു. ഇതിന്റെ ആദ്യഘട്ടമായി വൈത്തിരി പഞ്ചായത്തിലെ മോഹനാണ് നവീകരിച്ച് നിർമ്മിച്ച കാലിത്തൊഴുത്തും തറയിൽ വിരിയ്ക്കാനുള്ള റബ്ബർമാറ്റുകൾ, കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയും കൈമാറിയത്. കൽപ്പറ്റ ജില്ലാ പഞ്ചായത്ത് മെമ്പർ എൻ സി പ്രസാദ് പരിപാടി ഉദ്ഘാടനം ചെയ്തു. വൈത്തിരി ഗ്രാമ



പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉഷ ജ്യോതിദാസ് റബ്ബർ മാറ്റ് വിതരണവും ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എൽസി ജോർജ്ജ് കാലിത്തീറ്റ വിതരണവും നടത്തി. ചെമ്പട്ടി ഊര്മൂപ്പൻ രമേശ്, ചെമ്പട്ടി വാർഡ് മെമ്പർ വി എസ് സുജിന, യൂണിവേഴ്സിറ്റി വിജ്ഞാനവ്യാപനവിഭാഗം ഡയറക്ടർ ഡോ ടി എസ് രാജീവ്, അസിസ്റ്റന്റ് പ്രൊഫസർ ഡോ ജസ്റ്റിൻ ഡേവിസ്, റിസർച്ച് അസിസ്റ്റന്റ് ജിപ്സ ജഗദീശ് എന്നിവർ സന്നിഹിതരായിരുന്നു.

# കന്നുകാലികൾക്കുള്ള വന്ധ്യതാ നിവാരണ ക്യാമ്പ്

അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് വേണ്ടി കന്നുകാലികൾക്കുള്ള വന്ധ്യതാനിവാരണക്യാമ്പ് സംഘടിപ്പിച്ചു. കേന്ദ്രസർക്കാറിന്റെ 'പശുധൻ ജാഗ്രതി അഭിയാൻ' ന്റെ ഭാഗമായി കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ വിജ്ഞാനവ്യാപനകേന്ദ്രവും അമ്പലവയൽ ക്ഷീരോല്പാദകസഹകരണസംഘവും ചേർന്നാണ് ക്യാമ്പ് നടത്തിയത്.

പഞ്ചായത്തിലെ കർഷകരുടെ വന്ധ്യതയുള്ള 25 പശുക്കൾക്ക് പരിശോധന നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൂക്കോട് വെറ്ററിനറി കോളേജിലെ ഗൈനക്കോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. അബ്ദുൾ അസീസ് സി



പി, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ലക്ഷ്മി ഭായ് കെ, പി ജി വിദ്യാർത്ഥികൾ എന്നിവർ ചേർന്നാണ് പരിശോധനകൾ നടത്തിയത്.

# കാർബൺ പാദമുദ്ര അളക്കാൻ മൊബൈൽ അപ്ലിക്കേഷൻ

പ കാർബൺ പാദമുദ്ര (കാർബൺ ഫുട്പ്രിന്റ്) അളക്കാൻ പുതിയ മൊബൈൽ അപ്ലിക്കേഷനുമായി കേരള കാർഷിക സർവകലാശാല. സർവകലാശാലയിലെ ഡയറക്ടറേറ്റ് ഓഫ് ഇൻഫർമേഷൻ സിസ്റ്റവും കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജും ചേർന്നാണ് കാർബോഫൂട് (Carbofoot) എന്ന പേരിൽ മൊബൈൽ അപ്ലിക്കേഷൻ പുറത്തിറക്കുന്നത്. ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ഓടെ നെറ്റ്-സീറോ കാർബണിലേക്കെത്താനുള്ള സംസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിൽ കാർഷിക സർവകലാശാലയുടെ പങ്ക് ശ്രദ്ധേയമാണ്.

പ്രാഥമിക ഘട്ടത്തിൽ, കാർബൺ ഫുട്പ്രിന്റ് അസ്സെസ്സ്മെന്റ് എന്ന ബൃഹത്തായ പ്രവർത്തനത്തിലെ വിവരശേഖരണം ലഘൂകരിക്കുവാൻ ഈ മൊബൈൽ ആപ്പ് സഹായിക്കും. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും അതിന്റെ ആഘാതങ്ങളെക്കുറിച്ചും വിലയിരുത്തുന്ന ഐക്യരാഷ്ട്രസഭയുടെ (യുഎൻ) ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (IPCC) യുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ഊർജം, വ്യവസായികം, കൃഷിയും-അനുബന്ധ മേഖലയും, മാലിന്യം എന്നീ മേഖലകളിൽ നിന്നുള്ള കാർബൺ ബഹിർഗമനത്തിന്റെയും ആഗിരണത്തിന്റെയും തോത് tier 1 & tier 2 രീതികളിൽ കണക്കാക്കുവാൻ സാധിക്കുന്ന തരത്തിലേക്കുള്ള വിവരശേഖരണവും അവയുടെ ക്രോഡീകരണവും സാധ്യമാകുന്ന വിധത്തിലാണ് മൊബൈൽ അപ്ലിക്കേഷൻ രൂപകൽപന ചെയ്തിരിക്കുന്നത്.

സംസ്ഥാനം കാർബൺ ന്യൂട്രലാകുന്നതിനുള്ള പ്രവർത്തങ്ങളെക്കുറിച്ചും കാർബണിന്റെ തോത് കണക്കാക്കുന്നതിനുള്ള മാർഗങ്ങളെ കുറിച്ചും ചിന്തിച്ചു തുടങ്ങുന്ന സമയത്താണ് കേരള കാർഷിക സർവകലാശാല മൊബൈൽ ആപ്പ് പുറത്തിറക്കുന്നതിലൂടെ അവ ലഘൂകരിക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്തിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

# ലോകബാങ്ക് പ്രതിനിധി സംഘവുമായി കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് കൂടിക്കാഴ്ച നടത്തി

കേര പദ്ധതിയുമായി ബന്ധപ്പെട്ട് ലോകബാങ്കിന്റെ സീനിയർ ഇക്കണോമിക്സ് സ്പെഷ്യലിസ്റ്റും കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പ്രോജക്ട് (KERA)ന്റെ ടീം ലീഡറുമായ ക്രിസ് ജാക്സണുമായി കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി. കേരളത്തിന്റെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന "കേര" പദ്ധതി പ്രാഥമിക പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനാണ് ചർച്ച നടത്തിയത്.




കേരളത്തിന്റെ കാർഷിക ഭൂപ്രകൃതിയെ ശാക്തീകരിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള ബൃഹത്തായ ആശയം ഈ യോഗത്തിൽ കൃഷിമന്ത്രി മുന്നോട്ടുവച്ചു. തെങ്ങ്, കുരുമുളക് കൃഷിക്കുള്ള പിന്തുണ, പ്രാദേശിക കർഷകരെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള കൃഷിക്കൂട്ടങ്ങൾക്കുള്ള പിന്തുണ, കീട-രോഗ നിരീക്ഷണം വർദ്ധിപ്പിക്കുന്നതിന് കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് (കെസിപിഎം) തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം. കൂടാതെ, ഫാർമർ ഫീൽഡ് സ്കൂൾ പ്രോഗ്രാം വിപുലീകരിക്കുക, കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനുമായി വൈഗ എന്ന ആശയത്തെ മെച്ചപ്പെടുത്തുക, കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും, കൂണിന്റെയും തേനിന്റെയും ഉത്പാദനം ലാഭകരവും സുസ്ഥിരവുമാക്കുക

തുടങ്ങിയ വിഷയങ്ങളും കൃഷിമന്ത്രി മുന്നോട്ട് വച്ചു. കാർബൺ-ന്യൂട്രൽ ഫാമുകളുടെ പ്രാധാന്യത്തെക്കുറിച്ചും, ചെറുധാന്യകൃഷിയുടെ സാധ്യതകൾ തിരിച്ചറിയുന്നതിനെ കുറിച്ചും കാർഷിക പരിസ്ഥിതി അധിഷ്ഠിത കൃഷികൾക്കുള്ള സാമ്പത്തിക സഹായം പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു. കർഷകരുടെ കണ്ടെത്തലുകളുടെയും കണ്ടുപിടുത്തങ്ങളുടെയും സമകാലീന പ്രാധാന്യത്തെ കുറിച്ചും ഇവ കർഷകർക്കിടയിൽ വളർത്തിയെടുക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും മന്ത്രി എടുത്തുപറഞ്ഞു.

ലോകബാങ്കിന്റെ സീനിയർ ഇക്കണോമിക്സ് സ്പെഷ്യലിസ്റ്റും കേര പദ്ധതിയുടെ ടീം ലീഡറുമായ ക്രിസ് ജാക്സൺ ഈ നിർദ്ദേശങ്ങൾ കേൾക്കുകയും, വരാനിരിക്കുന്ന പദ്ധതി ഘടകങ്ങളിൽ പ്രസക്തമായവയെ പരിഗണിക്കുമെന്നും മന്ത്രിക്ക് ഉറപ്പ് നൽകി. കാർഷിക പ്രതിരോധശേഷി, സുസ്ഥിരത, സംസ്ഥാനത്തെ കാർഷിക മേഖലയുടെ മൊത്തത്തിലുള്ള വികസനം എന്നിവയും ലക്ഷ്യമിടുന്ന കേര പദ്ധതി കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് കൂടുതൽ സമ്പന്നവും, ഒപ്പം കൃഷിയിൽ കാലാവസ്ഥാനുസൃതമായ ഭാവി കെട്ടിപ്പടുക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പുമാണ്. മറ്റ് ലോക ബാങ്ക് പ്രതിനിധികളോടൊപ്പം കാർഷികോല്പാദന കമ്മീഷണർ ശ്രീ. ബി അശോക് ഐഎഎസ്, കൃഷി ഡയറക്ടർ ശ്രീമതി. കെ.എസ് അഞ്ജു ഐഎഎസ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ശ്രീമതി. എൽ ആർ ആരതി ഐ ഇ എസ്, കാർഷിക വിലനിർണ്ണയ ബോർഡ് ചെയർമാൻ ഡോ. പി രാജശേഖരൻ, കൃഷി അഡിഷണൽ ഡയറക്ടർ ശ്രീമതി. ബീന ലക്ഷ്മൺ എന്നിവരും പങ്കെടുത്തു.

# കേര ഗ്രാമങ്ങൾ സ്വന്തം ബ്രാൻഡിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം : മന്ത്രി പി പ്രസാദ്


എല്ലാ കേര ഗ്രാമങ്ങളും സ്വന്തമായ ബ്രാൻഡിൽ നാളികേര അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം എന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്.

കൃഷിക്കാരന് കാർഷികോൽപ്പന്നങ്ങൾക്ക് ഉയർന്ന മൂല്യം ലഭിക്കണമെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തിലൂടെയും വിപണനത്തിലൂടെയും മാത്രമാണ് സാധ്യമാവുക. കൃഷികൊണ്ട് അന്തസാർന്ന ജീവിതം നയിക്കാൻ കൃഷിക്കാരന് കഴിയണം. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്നതിലൂടെയും യന്ത്രവൽകരണത്തിലൂടെയും നാളികേര ഉത്പാദനം വർധിപ്പിക്കാൻ കഴിയും. മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനം വിപണനം എന്നിവയിൽ കൃഷിക്കാരൻ നിപുണത ആർജിക്കാൻ വേണ്ടുന്ന പദ്ധതികൾക്ക് മുൻതൂക്കം നൽകണം. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ പരിശീലനം തദ്ദേശീയമായി തന്നെ നൽകും.

നാളികേര കൃഷിയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കേരകർഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വച്ച് നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

നാളികേര ഉൽപാദനത്തിൽ നാം ഇനിയും മുന്നേറേണ്ടതുണ്ട്.കേരഗ്രാമം പദ്ധതിയിലൂടെ നാളികേരത്തിന്റെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കഴിയും. നാളികേര കർഷകർക്കു ഗുണപ്രദമാകുന്ന എല്ല കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്. നാളികേര ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ കൃഷി രീതി കർഷകർ അവലംബിക്കേണ്ടതുണ്ട്. മന്ത്രി അഭിപ്രായപെട്ടു.

ഇതോടനുബന്ധിച്ച് തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ജനകീയ ശാസ്ത്രീയ നെൽകൃഷി പദ്ധതിയുടെ ഭാഗമായി നടത്തിയ നെൽകൃഷി സെമിനാറിന്റെയും, കേരള സർക്കാർ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി നവീകരിച്ച മടപ്പിലാവിൽ ചിറയുടെ ഉദ്ഘാടനവും മന്ത്രി പി പ്രസാദ് നിർവഹിച്ചു. തരിശായി കിടക്കുന്ന പരമാവധി സ്ഥലങ്ങളെ കൃഷി യോഗ്യമാക്കി കൃഷി ഇറക്കണം. ഭക്ഷണം കഴിക്കുന്ന




എല്ലാവരും കൃഷിയുടെ ആനുകൂല്യം പറ്റുന്നവരാണ്. അതുകൊണ്ടുതന്നെ എല്ലാവരും അവരവർക്ക് ആവശ്യമായ കാർഷിക ഉൽപ്പന്നങ്ങൾ എങ്കിലും കൃഷി ചെയ്യാൻ സന്നദ്ധരായി മുന്നോട്ടു വരണം. മന്ത്രി കൂട്ടിച്ചേർത്തു. കുറ്റിയാടി എംഎൽഎ ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി അധ്യക്ഷത വഹിച്ചു. കോഴിക്കോട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ലിസി ആന്റണി കെ,മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ ശ്രീ സാജു കെ. സുരേന്ദ്രൻ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, ജനപ്രതിനിധികൾ, കർഷകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# കാബേജ്, കോളിഫ്ലവർ



- നവംബർ മാസത്തിലെ ആദ്യ രണ്ടാഴ്ചകൾ കാബ്ബേജ്, കോളിഫ്ലവർ തുടങ്ങിയ ശീതകാല പച്ചക്കറി വിളകൾ പ്രധാന കൃഷിയിടത്തിലേക്ക് പറിച്ച് നടുന്നതിനു അനുയോജ്യമായസമയമാണ്.
- ഒക്ടോബർ ആദ്യ വാരത്തിൽ വിത്തിട്ട് മുളപ്പിച്ച തൈകളിൽ നിന്നും 30 ദിവസം പ്രായമായതും 4 മുതൽ 5 ഇല പരുവം എത്തിയതുമായ തൈകൾ ആണ് പ്രധാന കൃഷിയിടത്തിലേക്കോ ഗ്രോബാഗിലേക്കോ പറിച്ചുനടീലിനായി ഉപയോഗിക്കേണ്ടത്.
- പറിച്ച് നടീലിനായി നിലമൊരുക്കൽ പൂർത്തിയായ കൃഷിയിടങ്ങളിൽ 30 cm ഉയരത്തിൽ വരമ്പുകൾ കോരി അതിൽ രണ്ടു വരികൾ തമ്മിൽ 60 സെന്റീമീറ്ററും രണ്ടു ചെടികൾ തമ്മിൽ 45- 60 സെന്റീമീറ്ററും അകലത്തിൽ തൈകൾ പറിച്ച് നടാവുന്നതാണ്.
- ഗ്രോബാഗിലാണ് നടുന്നതെങ്കിൽ നട്ട ചെടികൾ 3- 4 ദിവസം തണലിൽ വച്ചതിനു ശേഷം നല്ല വെയിൽ കിട്ടുന്ന സ്ഥലത്തേക്ക് മാറ്റി വെക്കണം.

# കന്നുകാലികളിലെ എലിപ്പനി പ്രതിരോധ മാർഗ്ഗങ്ങൾ




- എലിപ്പനിയുടെ പ്രതിരോധ കുത്തിവയ്പ്പ് നായകളിൽ മാത്രമാണ് ലഭ്യമാകുന്നത്.
- മഴക്കാലത്ത് എലി മൂത്രത്തിലൂടെ രോഗം പകരാൻ സാധ്യതയുള്ളതിനാൽ കുടിവെള്ളം, ഭക്ഷണം എന്നിവ വൃത്തിയായി അടച്ച് സൂക്ഷിക്കുക.
- എലികളുടെ ആക്രമണം സൂക്ഷിക്കുകയും ഭക്ഷണ സംസ്കരിക്കുകയും ചെയ്യുക തടയാൻ തൊഴുത്തും അവശിഷ്ടങ്ങളും പരിസരവും വൃത്തിയായി ചപ്പു ചവറുകളും വൃത്തിയായി
- വളർത്തു മൃഗങ്ങളുടെ തീറ്റ സൂക്ഷിക്കുന്ന മുറികളിൽ എലിക്കെണികൾ, എലിവിഷം മുതലായവ ഉപയോഗിക്കുന്നത് കർശനമാക്കുക.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh